### പെരിയാർ മലിനീകരണ വിരുദ്ധസമിതി

# ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമിറ്റഡ് മലിനീകരണവും പരിസ്ഥിതിയുടെ രാഷ്ട്രീയവും

**അതിവേഗം പടരുന്ന ഈ കാൻസർ കണ്ടിട്ടും കൊണ്ടിട്ടും അറിയാത്ത, മരവിച്ചും മരിച്ചുകൊണ്ടുമിരിക്കുന്ന കേരളീയ മനസ്സാക്ഷിക്കുമുമ്പിൽ ആത്യന്തം പ്രസക്തമായ ഈ നോട്ടീസ് പൂർണ്ണരൂപത്തിൽ പ്രസിദ്ധീകരിക്കുകയാണ്. പ്രതീക്ഷയോടെ....**

പ്രിയ സുഹൃത്തെ, 20-7-2004

2004 ജൂലൈ 6-ാം തീയതി അതിരാവിലെ 2.10 ഓടുകൂടി ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമിറ്റഡിലെ (HIL) എന്റോസൾഫാൻ പ്ലാന്റിൽ ഉണ്ടായ വൻതീപിടുത്തം കൊടും ദുരന്തം വരുത്തിവെയ്ക്കാതെ കൈകാര്യം ചെയ്ത ഫയർസർവീസ് വിഭാഗത്തോടും പ്രത്യേകിച്ച് അവിടെ എത്തിച്ചേർന്ന (എഫ്.എ.സി.ടി.) ഫയർ സർവീസിനോടും, മെയിന്റനൻസ് തൊഴിലാളികളോടും, ഏലൂർ പോലീസിനോടും ഏലൂർ ജനത കടപ്പെട്ടിരിക്കുന്നു. ഇങ്ങനെയൊരു നോട്ടീസടിക്കാൻ ഞങ്ങളെ പ്രേരിപ്പിച്ച ഘടകം തീപിടുത്തത്തെ തുടർന്ന് വിഷപ്പുക മൂലം ബുദ്ധിമുട്ടുണ്ടായ കുഴിക്കണ്ടം, പള്ളിപ്പുറംച്ചാൽ, ചൗക്ക എന്നീ ഭാഗങ്ങളിലെ ജനങ്ങളുടെ ക്ഷേമാന്വേഷണങ്ങൾക്കല്ല മറിച്ച് പരിസ്ഥിതി സംഘടനകളെ ആക്ഷേപിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഉത്തരവാദിത്വമുള്ള ട്രേഡ് യൂണിയനുകൾ നടത്തിയത് എന്നുള്ളതുകൊണ്ടാണ്. സംഭവദിവസം കനത്ത വിഷപ്പുകമൂലം പള്ളിപ്പുറം ചാൽ ഭാഗത്തെ ജനങ്ങൾ പ്രാണരക്ഷാർത്ഥം ഫെറി കടന്ന് ഓടിയത് ഞങ്ങളുടെ കുപ്രചരണമല്ല. പ്രസവിച്ച് പതിനേഴ് ദിവസം പ്രായമായ കൈക്കുഞ്ഞിനേയും എടുത്തുകൊണ്ട് 5 കിലോമീറ്റർ അകലെ വരെ ഓടിയ അമ്മയുടെ വേദന മനസ്സിലാകണമെങ്കിൽ യൂണിയൻ നേതാക്കളുടെ തൊഴിൽ ഉൽക്കണ്ഠമാത്രം പോരാ, മനുഷ്യസ്നേഹവും വിവേകബുദ്ധിയും വേണം.

### പെരിയാർ മലിനീകരണവിരുദ്ധസമിതി

കഴിഞ്ഞ 14 വർഷത്തോളമായി ഏലൂരിലെയും എടയാറിലെയും രൂക്ഷമായ മലിനീകരണത്തിനെതിരെ പ്രതികരിച്ചിരുന്ന ഏലൂർ, എടയാർ, വരാപ്പുഴ പ്രദേശങ്ങളിലെ പ്രവർത്തകർ ചേർന്ന് 1998 ജൂൺ 24-ാം തീയതി രൂപീകരിച്ച പരിസ്ഥിതി പ്രസ്ഥാനമാണ് പെരിയാർ മലിനീകരണവിരുദ്ധസമിതി. 1998 ജൂൺ 11-ലെ ഭീകരമായ മത്സ്യകുരുതിയെ (ചരിത്രത്തിലെ ഏറ്റവും വലിയ കുരുതി) തുടർന്നാണ് സമിതിപ്രക്ഷോഭരംഗത്ത് സജീവമാകുന്നത്. ആ വർഷം ആഗസ്റ്റ് ഒന്നിന് പെരിയാറിനു കുറുകെ മത്സ്യതൊഴിലാളികളെയും സമാനമനസ്സുകാരെയും ഉൾപ്പെടുത്തികൊണ്ട് തീർത്ത മനുഷ്യചങ്ങല പരിസ്ഥിതി സമരങ്ങളുടെ ചരിത്രത്തിലെ അവിസ്മരണീയമായ സംഭവമായിരുന്നു. തുടർന്നിങ്ങോട്ട് നിരവധി പ്രക്ഷോഭങ്ങളും പഠനങ്ങളും സമിതി നടത്തിയിട്ടുണ്ട്. 2000-ൽ സമിതി നടത്തിയ ആരോഗ്യസർവ്വെ ഏലൂരിലെ മലിനീകരണം മൂലമുള്ള രോഗാതുരതയുടെ ഭീകരത പുറത്തുകൊണ്ടുവന്നു. തുടർന്ന് സമിതി



എൻഡോസൾഫാനൻ ഇര- കാസർഗോഡ് നിന്ന്
ഫോട്ടോ : മധുരാജ്

ഉത്തരവാദിത്വപ്പെട്ട മുഴുവൻ അധികാരസ്ഥാപനങ്ങൾക്കും മലിനീകരണം സംബന്ധിച്ച് പരാതിയും സമിതിയുടെ ക്രിയാത്മക നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ട്. പെരിയാർ മലിനീകരണം സംബന്ധിച്ച് ഹൈക്കോടതിയിൽ ഒരു കേസും സമിതി നൽകിയിട്ടുണ്ട്. അതോടൊപ്പം രാജ്യത്ത് നടക്കുന്ന സാമ്രാജ്യത്വവിരുദ്ധ-സ്വകാര്യവൽക്കരണവിരുദ്ധ പോരാട്ടങ്ങളിൽ സമിതി ഐക്യപ്പെട്ടുപ്രവർത്തിക്കുന്നു. പ്ലാച്ചിമടയിൽ കൊക്കക്കോള വിരുദ്ധപോരാട്ടത്തിന്, നർമ്മദയിലെ സമരത്തിന്, കരിമുകൾ സമരത്തിന്, എഫ്.എ.സി.ടി. സ്വകാര്യവൽക്കരണത്തിനെതിരായ സമരത്തിന്, ജിമ്മിന് എതിരായ സമരത്തിൽ, എക്സ്പ്രസ്സ് ഹൈവേക്കെതിരായ പ്രതിരോധത്തിൽ തുടങ്ങി നാടിന്റെ

ഉൾത്തുടുപ്പിനെ നെഞ്ചിലേറ്റിയാണ് സമിതി പ്രവത്തിക്കുന്നത്.

## സംഘടനയുടെ രാഷ്ട്രീയം

സമിതിയുടെ ഇടപെടൽ കൊണ്ട് ഒരറ്റവ്യവസായശാല പോലും അടച്ചുപൂട്ടൽ ഭീഷണി നേരിടരുതെന്ന ഉറച്ച തീരുമാന മാണ് സംഘടനയ്ക്കുള്ളത്. മറിച്ച് ദേശീയവ്യവസായങ്ങൾ നില നില്ക്കണമെന്നും അതിനെ തകർക്കാനുള്ള ശ്രമങ്ങൾ ആരു നട ത്തിയാലും അതിനെ എതിർത്തുകൊണ്ട് ജനങ്ങൾക്കും പ്രകൃ തിക്കും ദോഷകരമല്ലാത്ത വിധത്തിൽ വ്യവസായങ്ങൾ പ്രവർത്തി ക്കണമെന്നാണ് സമിതിയുടെ സുദൃഢമായിട്ടുള്ള അഭിപ്രായം. അതോടൊപ്പം വ്യവസായസ്ഥാപനത്തിന്റെ ആപൽക്കരമായ മലി നീകരണവും മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതയും തൊഴിലാ ളികളുടെ പ്രതിബദ്ധതയില്ലായ്മയും മൂലം സ്ഥാപനം അടച്ചി ടേണ്ടി വന്നാൽ അതിന് പരിസ്ഥിതി പ്രവർത്തകരെയും സംഘ ടനകളെയും കുറ്റംപറഞ്ഞിട്ട് കാര്യമില്ല. ഹിന്ദുസ്ഥാൻ ഇൻസെ ക്ടിസൈഡ് ലിമിറ്റഡിന്റെ കാര്യത്തിലും അതാണ് സ്ഥിതി.

## അടച്ചുപൂട്ടുന്നത് പരിഹാരമല്ല എന്തുകൊണ്ട് ?

ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമിറ്റഡ് അടച്ചുപൂട്ടണ മെന്ന് പെരിയാർ മലിനീകരണവിരുദ്ധസമിതി ആവശ്യപ്പെട്ടിട്ടില്ല. മറിച്ച് തീപിടുത്തം നടന്ന എന്റോസൾഫാൻ പ്ലാന്റ് കുറ്റമറ്റ രീതി യിൽ സജ്ജമാകുന്നതുവരെ (അതു ജനങ്ങൾക്കുകൂടി ബോദ്ധ്യ മാകണം) പ്ലാന്റിന്റെ പ്രവർത്തനാനുമതി വിലക്കണമെന്ന് സമിതി ആവശ്യപ്പെട്ടത്. ഈ നിർദ്ദേശവും, അടച്ചുപൂട്ടലും തമ്മിൽ ഒരുപാടു വ്യത്യാസമുണ്ട്. മാത്രമല്ല ഹിന്ദുസ്ഥാൻ ഇൻസെക്ടി സൈഡ് ലിമിറ്റഡ് അടച്ചുപൂട്ടിയാൽ തൊഴിലാളികൾക്ക് ജീവിക്കാ നാവശ്യമായ കോമ്പൻസേഷൻ കിട്ടും. എന്നാൽ ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമിറ്റഡ് മലിനീകരണം മൂലം മണ്ണും ജലവും ശരീരവും മലിനമാക്കപ്പെട്ട രോഗാതുരരായ ഏലൂർ നിവാ സികൾക്ക് എന്തുകിട്ടും? ഒന്നും കിട്ടില്ല എന്നു മാത്രമല്ല പ്രശ്നം കൂടുതൽ വഷളാകുകയും ചെയ്യും. അപ്പോൾ അടച്ചു പൂട്ടലല്ല പരിഹാരം മാലിന്യവിമുക്തമായ ഉല്പാദന പ്രക്രിയയും അപക ടകരമായ രാസവിഷങ്ങളുടെ നിർമാർജ്ജനവുമാണ് ലക്ഷ്യമിടേ ണ്ടത്. അതോടൊപ്പം വ്യവസായമലിനീകരണം മൂലം കഷ്ടപ്പെ ടുന്നവർക്ക് ആശ്വാസമേകാൻ കമ്പനിക്കും തൊഴിലാളികൾക്കും ട്രേഡ് യൂണിയനുകൾക്കും കഴിയണം.

## നെഞ്ചിൽ കൈവച്ച് പറയുമോ ഉൽകണ്ഠയുണ്ടെന്ന്?

ഏലൂർ, എടയാർ മേഖലയിലെ 250 വ്യവസായങ്ങളിൽ 106 എണ്ണത്തോളം രാസവ്യവസായശാലകളാണ്. ഇതിൽ ഏറ്റവും ചെറുത്തൊട്ട് വൻഭീമൻമാർവരെയുണ്ട്. ഇതിൽ FACT, TCC, IRE, HIL, Merchem, BINANIZINC, CMRL തുടങ്ങി എല്ലാ കമ്പ നികളും അവരുടെ ശേഷിക്കനുസരിച്ച് ഇപ്പോഴും ക്രൂരമായി മലിനീകരിക്കുന്നില്ലേ ? അതുകൊണ്ടല്ലെ പെരിയാറിലെ വെള്ള ത്തിന്റെ ഗുണത (Ph) എപ്പോഴും 3നും 5നും ഇടയിലാകുന്ന ത്. അതുകൊണ്ടല്ലെ ഏഴുമാസത്തോളം പെരിയാർ ചുവപ്പും, പച്ചയും, മഞ്ഞയും, വെള്ളയുമായി വിവിധ നിറങ്ങളിൽ ഒഴു കുന്നത്, അതുകൊണ്ടല്ലെ അടിക്കടി മീനുകൾ ചത്തുപൊങ്ങു ന്നത്, അതുകൊണ്ടല്ലെ 18-ഓളം മത്സ്യങ്ങളും നിരവധി സസ്യ ങ്ങളും ചിത്രശലഭങ്ങളും നമ്മുടെ കൺമുന്നിൽനിന്ന് അപ്ര ത്യക്ഷമാകുന്നത്. അതുകൊണ്ടല്ലെ നമ്മുടെ പ്രിയപ്പെട്ടവരെ ക്യാൻസറിന്റേയും ഹൃദ്രോഗത്തിന്റേയും, ആസ്മയുടേയും രൂപ ത്തിൽ മരണം പിടികൂടുന്നത്. അതുകൊണ്ടല്ലെ പെരിയാറിൽ കാഡ്മിയം, സിങ്ക്, ക്രോമിയം, ലെഡ്, മെർക്കുറി, അയേൺ, ഫോസ്ഫേറ്റ്, കീടനാശിനികൾ, റേഡിയോ ആക്ടീവ് മൂലക ങ്ങൾ തുടങ്ങിയവ എല്ലാ പരിധിക്കും മുകളിലാകുന്നത്. അതു കൊണ്ടല്ലേ സുഹൃത്തെ നമ്മുടെ കുടിവെള്ളംപോലും രാസ മാലിന്യങ്ങൾ നിറഞ്ഞതാകുന്നത് ?

## പ്രദേശത്തിന്റെ സുരക്ഷ

ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമിറ്റഡിലെ എന്റോസൾഫാൻ പ്ലാന്റിലെ തീപിടുത്തവും അതു കൈകാര്യം ചെയ്ത രീതിയും ഞങ്ങളെ അത്ഭുതപ്പെടുത്തി. പുറത്തുനി ന്നുവന്ന ഫയർ സർവ്വീസ് കാര്യക്ഷമമായതുകൊണ്ടാണ് കൂടു തൽ അപകടമുണ്ടാകാതെ ജനങ്ങളെ രക്ഷിച്ചത്. ഫയർലൈ നുകളിൽ ആവശ്യമായ വെള്ളം നിറക്കാനുള്ള സംവിധാനം പോലുമില്ലാത്ത കമ്പനിയാണ് സുരക്ഷയെക്കുറിച്ച് പറയുന്ന ത്, അപകടമുണ്ടായാൽ അതു നിയന്ത്രണവിധേയമാകുന്നതു വരെ നിരന്തരമായ അപകട സൈറൺ മുഴക്കണമെന്ന പ്രാഥ മിക ധർമ്മംപോലും ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമി റ്റഡ് നിറവേറ്റിയോ ? ജനങ്ങളുടെ സുരക്ഷയെക്കുറിച്ച് ഏറെ ഉത്കണ്ഠയുള്ള ഈ വക്താക്കൾ അപകടസമയത്ത് നിരന്തര സൈറൺ മുഴക്കാൻ ആവശ്യപ്പെട്ടോ. എല്ലാ തൊഴിലാളി കൾക്കും സേഫ്ടി ട്രെയിനിംഗ് ലഭിച്ചിട്ടുണ്ടെങ്കിൽ എന്തു കൊണ്ട് ഒരു തൊഴിലാളിയെങ്കിലും ഇത്തരം പ്രാഥമിക കർത്ത വ്യങ്ങളെക്കുറിച്ച് ബോധവാനായില്ല ? പെരിയാറിനെക്കുറിച്ചും ജനങ്ങളുടെ ആരോഗ്യത്തെക്കുറിച്ചും ഏറെ ഉൽക്കണ്ഠയുള്ള ഇവർ എന്തുകൊണ്ടാണ് നാളിതുവരെ തങ്ങളുടെ കമ്പനിക്ക കത്തെ മലിനീകരണത്തിന്റെ തോത് അൽപം പോലും കുറ യ്ക്കാൻ ശ്രമിക്കാത്തത് ? അപകടം ഉണ്ടായാൽ എടുക്കേണ്ട മുൻ കരുതലുകളെക്കുറിച്ച ജനങ്ങളോട് എന്തെങ്കിലും സംസാ രിച്ചോ ? ഇല്ലായെന്നു മാത്രമല്ല, കുറ്റകരമായ അനാസ്ഥയാണ് ജനങ്ങൾക്ക് അനുഭവപ്പെട്ടത്. ഏതാണ്ട് ഒരു മാസത്തോളമായി എഫ്.എ.സി.ടി. യിൽ നിന്നും പുറംതള്ളുന്ന സൾഫർ ഡൈയോക്സൈഡും മെർക്കത്തിന്റെ ഹൈഡ്രജൻ സൾഫൈഡും ചേർന്ന് പരത്തുന്ന കനത്ത വിഷപ്പുക മൂലമു ണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾക്കെതിരെ എന്തേ പ്രതികരി ക്കുന്നില്ല. അപ്പോൾ ഉൽകണ്ഠ തങ്ങളുടെ തൊഴിൽ സ്ഥാപ നത്തിന്റെ നിലനിൽപ്പിനെക്കുറിച്ച് മാത്രമാണ്. ജനങ്ങളുടെയും പ്രകൃതിയുടെയും നിലനിൽപ്പിനെക്കുറിച്ചല്ലെന്ന് വ്യക്തം.

## എൻഡോസൾഫാനും അവശ്യമരുന്നും

ചെറിയ അളവിൽ പോലും, പെട്ടെന്നും ജനിതകപരമായും അപകടമുണ്ടാക്കുന്ന എന്റോ സൾഫാൻ പോലുള്ള കീടനാ ശിനിയെ ജീവൻ രക്ഷാമരുന്നുകളുടെ അപകടവുമായി താര തമ്യം ചെയ്യുന്നത് ശുദ്ധവിവരക്കേടും ധിക്കാരവുമാണ്.

## ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമിറ്റഡിന്റെ പരിസ്ഥിതി സംരക്ഷണം

പരിസ്ഥിതി സംരക്ഷണത്തിനും മലിനീകരണത്തിനും കോടി ക്കണക്കിന് രൂപയാണ് ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമി റ്റഡ് ചിലവാക്കുന്നതെന്ന് ഈ കുപ്രചരണക്കാർ മനസ്സിലാക്ക ണമെന്നാണ് യൂണിയൻ ഇറക്കിയ നോട്ടീസിലെ ആഹ്വാനം!! ശരി ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമിറ്റഡ് പരിസ്ഥിതി സംരക്ഷണത്തിനായി ഏലൂരിൽ എന്ത് നടപടിയാണ് എടുത്ത തെന്ന് പറയാമോ ? 1990 ൽ ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമിറ്റഡിലെ ബെൻസീൻ ചോർന്ന് 750 മീറ്ററോളം കുഴിക്കണ്ടം തോട് കത്തിയപ്പോൾ കമ്പനിമാനേജുമെന്റും നാട്ടുകാരുടെ പ്രതി നിധികളും ആർ.ഡി.ഒ. യും ചേർന്ന് 1990 മെയ്മാസത്തിൽ എടുത്ത ചില പരിസ്ഥിതി സംരക്ഷണ നടപടിക്രമങ്ങളുണ്ട്. അതിൽ ഒന്നെങ്കിലും നടപ്പാക്കിയോ ? ഹിന്ദുസ്ഥാൻ ഇൻസെ

*(ശേഷം 42-ാം പേജിൽ)*